## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 30

26-09-2011-ൽ
മറുപടിയ്ക്ക്

## ഗവണ്മെന്റ് ഉത്തരവുകൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. സുരേഷ് കുറുപ്പ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനകം പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇനിയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താത്ത ഉത്തരവുകൾ ഏതെല്ലാം; മുഖ്യമന്ത്രിയുടെ വകുപ്പിൽ എത്ര; ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയാ വിഭാഗത്തിൽ 2011 സെപ്തംബർ 22 വരെ ലഭിച്ച എല്ലാ ഉത്തരവുകളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇനിയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താത്ത സർക്കാർ ഉത്തരവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) പ്രസ്തുത ഉത്തരവ് യഥാസമയം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും ഗവ: സെക്രട്ടറിയുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള പ്രസ്തുത പ്രഖ്യാപനം നടപ്പാക്കുന്നതിൽ എന്തുമാത്രം കാര്യക്ഷമതയുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് & ന്യൂ മീഡിയാ വിഭാഗത്തിൽ ലഭിച്ച എല്ലാ ഉത്തരവുകളും ടെൻഡറുകളും മറ്റു രേഖകളും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയതിലൂടെ പ്രഖ്യാപനം നടപ്പാക്കുന്നതിൽ 100% കാര്യക്ഷമമാണ്. |
| (ഡി) ഏതെങ്കിലും സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യാതിരുന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ